മലയാള മനോരമ
ESTABLISHED 1888
16 October 2018



സിഎംഎഫ്ആർഐ യിൽ നടന്ന മഹിളാ കർഷക ദിനാഘോഷ പരിപാടിയിൽ തൃശൂർ ചേറ്റുവ സ്വദേശിയായ രേഖ കാർത്തികേയൻ കടലിൽ മൽസ്യബന്ധനത്തിന്റെ അനുഭവം പങ്കുവെയ്ക്കുന്നു.

# മഹിളാ കർഷക ദിനാഘോഷം

കൊച്ചി • കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ (സിഎംഎഫ്ആർഐ) മഹിളാ കർഷക ദിനാഘോഷം സംഘടിപ്പിച്ചു. മത്സ്യമേഖലയുമായി ബന്ധപ്പെട്ട തൊഴിൽ സംരംഭങ്ങളിൽ പ്രവർത്തിക്കുന്ന 20 സ്ത്രീകൾ അനുഭവങ്ങൾ പങ്കുവച്ചു.

മത്സ്യബന്ധനം, കൂടുമത്സ്യ കൃഷി, കക്കവർഗ്ഗ കൃഷി, അലങ്കാരമത്സ്യ കൃഷി, ചീനവല, മത്സ്യവള നിർമാണം, കക്ക സംസ്കരണം, ഉണക്കമത്സ്യ നിർമാണം, അക്വാടൂറിസം, സമ്മിശ്ര കൃഷി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളാണ് അനുഭവങ്ങൾ പങ്കുവച്ചത്.

കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന അനുഭവം തൃശൂർ സ്വദേശിനി രേഖ കാർത്തികേയൻ പങ്കുവെച്ചു. കഠിനാധ്വാനം ചെയ്യാൻ തയാറാണെങ്കിൽ സ്ത്രീകൾക്ക് എല്ലാ മേഖലയിലും കഴിവു തെളിയിക്കാനാകുമെന്ന് രേഖ പറഞ്ഞു.

പ്രളയത്തിൽ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും പിന്നോട്ടു പോകില്ലെന്ന് പെരിയാറിൽ കൂടു മത്സ്യ കൃഷി യൂണിറ്റ് നടത്തുന്ന ടി.എം. സ്മിജ പറഞ്ഞു.

ഡോ. വി. കൃപ, ഡോ. ഷോജി ജോസഫ്, ഡോ. രമ മധു, ഡോ. എൻ. അശ്വതി എന്നിവർ ചർച്ചയ്ക്കു നേതൃത്വം നൽകി. ഡോ. വിനീത മുരളി ക്ലാസ് എടുത്തു. ഡോ. കെ. കെ. ജോഷി, ഡോ. സി. രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.